# സെഷൻ 9
# കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ പ്രവർത്തന സഹായി

## അതിഥി തൊഴിലാളികൾ : ക്ഷേമവും സുരക്ഷയും തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വീകരിക്കേണ്ട നടപടികൾ

**തദ്ദേശ സ്വയംഭരണ വകുപ്പ്**

KERALA INSTITUTE OF LOCAL ADMINISTRATION
28/03/2020

- നമ്മുടെ തൊഴിൽ മേഖലയിൽ പ്രധാന പങ്കുവഹിക്കുന്നവരാണ് അതിഥി തൊഴിലാളികൾ
- ഇവരുടെ ക്ഷേമവും സുരക്ഷയും നമ്മുടെ ഉത്തരവാദിത്തമാണ്
- കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ അവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്



❖ അതിഥി തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുക ജില്ലാ കളക്ടരുടെ നേതൃത്തത്തിലാണ്

❖ ജില്ല ഭരണകൂടത്തിന്റെ നിർദേശനുസരണമാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അതിഥി തൊഴിലാളികളുടെ ക്യാമ്പ് സജ്ജീകരണവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കേണ്ടത്

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ട പ്രധാന ഘടകങ്ങൾ

(G.O (Rt) No. 417/2020/LBR)

- അതിഥി തൊഴിലാളികളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക- കരാറുകാരുടെ കീഴിൽ , ഒരുമിച്ച് താമസിക്കുന്നവർ , ഒറ്റപ്പെട്ടവർ ?
- കരാറുകാരുടെ കീഴിലുള്ളവർക്ക് ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ സന്ദർശിച്ച് വിലയിരുത്തുക.
- ഒറ്റപ്പെട്ട അതിഥി തൊഴിലാളികൾക്കായി ക്യാമ്പ് സജ്ജമാക്കി എന്ന് ഉറപ്പ് വരുത്തുക.
- ക്യാമ്പിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഉറപ്പ് വരുത്തുക

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ട പ്രധാന ഘടകങ്ങൾ

- കൊറോണ പ്രതിരോധം സംബന്ധിച്ച് ബോധവൽകരണം നടത്തുക
- ആശയവിനിമയം നടത്താൻ സംവിധാനം ഒരുക്കുക
- ആരോഗ്യം,പോലീസ് , ലേബർ , റെവന്യൂ ,വകുപ്പുകളുടെ ഏകോപനത്തിലൂടെ ക്യാമ്പുകൾ കൃത്യമായും സന്ദർശിച്ച വിലയിരുത്തുക.
- അതിഥി തൊഴിലാളികൾക്ക് ഒരുക്കിയ സംവിധാനങ്ങളെ കുറിച്ച് അധികാരികൾക്ക് (താലൂക്ക് ലെവൽ കമ്മിറ്റിക്ക്) റിപ്പോർട്ട് ചെയ്യുക

# അതിഥി തൊഴിലാളികളെ കുറിച്ച് ശേഖരിക്കേണ്ട വിവരങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ എത്ര അതിഥി തൊഴിലാളികൾ ഉണ്ട്?
- ഇതിൽ എത്രപേർ കരാറുകാരുടെ കീഴിലുണ്ട്?

  എത്രപേർ ഒറ്റപ്പെട്ട തൊഴിലാളികളാണ് ?

  എത്രപേർ സംഘമായി താമസിക്കുന്നുണ്ട്?
- ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നുമുള്ളവരുണ്ട് ?
- അവർക്ക് അറിയാവുന്ന/സംസാരിക്കുന്ന ഭാഷകൾ ഏതൊക്കെ ?
- ശേഖരിച്ച വിവരങ്ങൾ ജില്ല ഭരണകൂടത്തെയും ജില്ല ലേബർ ഓഫീസറെയും അറിയിക്കുക

# അതിഥി തൊഴിലാളികൾക്ക് ക്യാമ്പ് ഒരുക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്

- നടത്തിപ്പിന്റെ സൗകര്യത്തിനായി ചെറിയ ഗ്രൂപ്പുകളായി അതിഥി തൊഴിലാളികളെ  ക്യാമ്പുകളിൽ പാർപ്പിക്കാം.
- ഗ്രൂപ്പ് തിരിക്കുമ്പോൾ ഒരേ ഭാഷ സംസാരിക്കുന്നവർ , ഒരുമിച്ച് തൊഴിൽ ചെയ്യുന്നവർ എന്ന രീതിയിൽ അവരുടെ കൂടി അഭിപ്രായം പരിഗണിക്കേണ്ടതാണ്.
- അതിഥി തൊഴിലാളികളിൽ കുടുംബമായി താമസിക്കുന്നവരു ണ്ടെങ്കിൽ അവർക്ക് ഒരുമിച്ചു താമസിക്കാനുള്ള സൗകര്യം നൽകേണ്ടതാണ്

# അതിഥി തൊഴിലാളികൾക്ക് ക്യാമ്പ് ഒരുക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്

## കാമ്പിനുള്ള സ്ഥലം

- ശാരീരിക അകലം എന്ന കോവിഡ് പ്രോട്ടോകോൾ പാലിക്കുന്ന രീതിയിലുള്ള വൃത്തിയുള്ള താമസ സൗകര്യം
- വൈദ്യുതി , വെള്ളം എന്നിവയുടെ ലഭ്യത
- ആളുകളുടെ എണ്ണം അനുസരിച്ച് ശൌചാലയങ്ങൾ
- ഫോണുകൾ ചാർജ് ചെയ്യാനുള്ള പ്ലഗ് സൌകര്യങ്ങൾ

## ശുചിത്വം സംബന്ധിച്ചുള്ള സജ്ജീകരണങ്ങൾ

- BREAK THE CHAIN ആവശ്യമായ സോപ്പ് , സാനിട്ടൈസർ
- സ്ത്രീകൾക്ക് സാനിറ്ററി പാഡിന്റെ ലഭ്യത, അത് ഡിസ്പോസ് ചെയ്യാനുള്ള സൗകര്യങ്ങൾ
- ജൈവ അജൈവ മാലിന്യം തരം തിരിച്ച സംസ്കരിക്കാനുള്ള സൗകര്യം
- മലിനജലം സംസ്കരിക്കുന്നതിന് സോക്കേജ് പിറ്റ്

## ഭക്ഷണ സജ്ജീകരണങ്ങൾ

- വൃത്തിയുള്ള നല്ല ഭക്ഷണം കൃത്യമായി മൂന്നു നേരവും ഉറപ്പു വരുത്തുക

# കരാറുകാർ സംഘടിപ്പിക്കുന്ന ക്യാമ്പുകളിൽ ഉറപ്പുവരുത്തേണ്ട കാര്യങ്ങൾ

- അതിഥി തൊഴിലാളികൾക്ക് ക്യാമ്പ് സജ്ജമാക്കുമ്പോൾ നിർദേഷിച്ചിട്ടുള്ള എല്ലാ സജ്ജീകരണങ്ങളും ഉണ്ടെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രതിനിധികൾ നേരിട്ട് സന്ദർശിച്ച് ഉറപ്പു വരുത്തുക, ഇല്ലെങ്കിൽ കർശന നിർദേശം നൽകുക.

- കോവിഡ് പ്രോട്ടോകോൾ പാലിക്കാതെ കൂട്ടമായും വൃത്തിഹീനമായും പാർപ്പിക്കുന്നതായി ശ്രദ്ധയിൽ പെട്ടാൽ അവരെ സൗകര്യപ്രദമായ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കുക.

# ക്യാമ്പ് നടത്തിപ്പ് എങ്ങനെ?

## പൊതുവായ കാര്യങ്ങൾ

- ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിന് അതിഥി തൊഴിലാളികളിൽ നിന്നും മലയാള ഭാഷ കൈകാര്യം ചെയ്യാൻ കഴിയുന്നവരെ കൂടി ഉൾപ്പെടുത്തി ക്യാമ്പ് നടത്തിപ്പ് കമ്മിറ്റി രൂപീകരിക്കാം.
- ക്യാമ്പിലുള്ള അതിഥി തൊഴിലാളികളുമായി സംവദിക്കാൻ അവരുടെ ഭാഷയും മലയാള ഭാഷയും അറിയാവുന്ന വോളണ്ടിയർമാരെ തിരഞ്ഞെടുക്കാം.
- ക്യാമ്പിലേക്കുള്ള ഭക്ഷണ ക്രമീകരണങ്ങളും മറ്റ് ആവശ്യങ്ങളും വോളണ്ടിയർമാരുടെയും നടത്തിപ്പ് കമ്മിറ്റിയുടെ സഹായത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഏകോപിപ്പിക്കാം .

# ക്യാമ്പ് നടത്തിപ്പ് എങ്ങനെ?

## ഭക്ഷണ ക്രമീകരണങ്ങൾ

- അതിഥി തൊഴിലാളികളുടെ ഭക്ഷണ രീതി മലയാളികളിൽ നിന്നും വ്യത്യസ്തമായതിനാൽ ക്യാമ്പിൽ തന്നെ ഭക്ഷണം ഒരുക്കുന്നതാവും ഉചിതം.
- ഭക്ഷ്യ ധാന്യങ്ങളിൽ ആട്ട , പരിപ്പ്, കിഴങ്ങ് , സവാള, എണ്ണ എന്നിവക്ക് പ്രാധാന്യം നൽകേണ്ടതും അവശ്യ സാധനങ്ങൾ, പാചക വാതകം എന്നിവ സിവിൽ സപ്ലൈസ്, കൺസ്യൂമർ ഫെഡ്, ഹോർട്ടി കോർപ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതാണ് .
- ഭക്ഷണം തയ്യാറാക്കാൻ ക്യാമ്പ് അന്തേയവാസികളിൽ നിന്നു തന്നെ പാചകം അറിയാവുന്നവരെ തിരഞ്ഞെടുത്തു കിച്ചൺ ടീം തയ്യാറാക്കാവുന്നതാണ്

# ക്യാമ്പ് നടത്തിപ്പ് എങ്ങനെ?

## ഫണ്ട് വിനിയോഗം

- ഇവർക്ക് ആവശ്യമായി വരുന്ന ഭക്ഷണം, മറ്റു ചിലവുകൾ ക്യാമ്പ് നടത്തിപ്പിനുള്ള ചിലവുകൾ എന്നിവക്കുള്ള തുക SDRF "2245-05-101-94 FLOOD OTHER ITEMS" ശീർഷകത്തിൽ നിന്നും എല്ലാ ചിലവുകളും ഉൾപടെ ഒരു മേജറിന് 60/- (അറുപത്) രൂപ, മൈനറിന് 45/- (നാൽപതിയഞ്ച്) രൂപ, എന്ന നിരക്കിൽ വിനിയോഗിക്കാവുന്നതാണ്.
- ചിലവഴിച്ച തുകയുടെ രേഖയും കണക്കുകളും കൃത്യമായി സൂക്ഷിക്കുകയും കളക്ടർക്കു സമർപ്പിക്കുന്ന മുറക്ക് തുക തിരിച്ചു ലഭിക്കുന്നതുമാണ് .

## ആരോഗ്യ പരിചരണം

- ആഴ്ചയിൽ ഒരിക്കലെങ്കിലും ആരോഗ്യ പ്രവർത്തകർ ക്യാമ്പ് പരിശോധിച്ച് അന്തേയവസികളുടെ ആരോഗ്യ നില ഉറപ്പുവരുത്തേണ്ടാതാണ്.



28/03/2020

# ക്യാമ്പ് നടത്തിപ്പ് എങ്ങനെ?

## മേൽനോട്ടം

- ക്യാമ്പിന്റെ സജ്ജീകരണങ്ങളും പ്രവർത്തനങ്ങളും കൃത്യമായി മോണിട്ടർ ചെയ്യപ്പെടേണ്ടതാണ്. ആരോഗ്യം, പോലീസ്,ലേബർ, റെവന്യു വകുപ്പുകളുടെ ഏകോപനത്തിലൂടെ ഇത് സാധ്യമാക്കാം.

## പരാതി പരിഹാരം

- അതിഥി തൊഴിലാളികളുടെ പരാതികളും പ്രശ്നങ്ങളും പരിഹരിക്കാൻ പരാതി പരിഹാര സംവിധാനം ഉണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തുക. ഇവർക്ക് പരാതി അറിയിക്കാൻ ഉള്ള ഹെല്പ് ലൈൻ നമ്പർ പരസ്യപ്പെടുത്താം

# ക്യാമ്പിലെ ബോധവൽകരണം/ ആശയവിനിമയം എങ്ങനെ?

- തിരഞ്ഞെടുത്ത വളണ്ടിയർമാരുടെ സഹായത്തോടെ BREAK THE CHAIN ബോധവൽകരണം നടത്താം.
- അവരുടെ ഭാഷയിലുള്ള പോസ്റ്ററുകൾ ക്യാമ്പിൽ പതിപ്പിക്കാം.
- ഓരേ ക്യാമ്പിലെ ആളുകൾക്ക്  ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് തദ്ദേശ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ ആരംഭിക്കാം.
- വാട്സാപ്പ് ഗ്രൂപ്പിൽ ഗവണ്മെന്റ് അവരുടെ ഭാഷയിൽ തയ്യാറാക്കിയിരിക്കുന്ന വീഡിയോ,പോസ്റ്ററുകൾ അയക്കാം.

- സ്വന്തം സ്ഥലങ്ങളിൽ നിന്നും മാറി നിൽകുന്നതിനാൽ അതിഥി തൊഴിലാളികൾക്ക് ആശങ്കയുണ്ടാവുന്നത് സ്വാഭാവികം
- അതിഥി തൊഴിലാളികൾക്ക് അവരുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും  മേൽ വിശ്വാസത നൽകുന്ന വിധത്തിൽ പ്രവർത്തിക്കുക
- മനുഷ്യാവകാശ മൂല്യങ്ങളും പകർച്ചവ്യാധി പ്രതിരോധ നടപടികളും ഉറപ്പാക്കിയാണ് ക്യാമ്പ് സംഘാടനമെന്ന് ഗ്രാമപഞ്ചായത്ത് / നഗരസഭാ ഉറപ്പാക്കേണ്ടതാണ്.

“കേരള സർക്കാർ

അവരോടൊപ്പമുണ്ടെന്നുള്ള ധൈര്യം

അവരിൽ ഊട്ടിയുറപ്പിക്കുക.

കൊറോണ പ്രതിരോധക്കാലത്തും നമുക്കവരെ

ചേർത്തു പിടിക്കാം”



KILA Help Desk

0487-2455000
0487-2204097
helpdesk@kila.ac.in

KILA DIGITAL REPOSITORY
www.dspace.kila.ac.in

KERALA INSTITUTE OF LOCAL ADMINISTRATION
Website : www.kila.ac.in, Email : info@kila.ac.in